6. തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്	-	102.82 കോടി രൂപ
7. മലപ്പുറം ജില്ലാ സഹകരണ ബാങ്ക്	-	100.00 കോടി രൂപ
8. കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്	-	20.00 കോടി രൂപ
ആകെ	-	502.24 കോടി രൂപ

III പ്രാഥമിക സഹകരണ സംഘങ്ങൾ - 299.28 കോടി രൂപ.

സഹകരണസ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ്

149 (374) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിൽ തെരഞ്ഞെടുപ്പുകൾ ഇപ്പോൾ നടത്തരുതെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വിശദീകരിക്കുമോ ;

(ബി) വ്യവസായ സഹകരണസംഘങ്ങളിൽ ഇപ്പോൾ തെരഞ്ഞെടുപ്പ് പാടില്ലെന്ന തീരുമാനം സഹകരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വ്യവസായ സഹകരണസംഘങ്ങളുടെ തെരഞ്ഞെടുപ്പ് സംവിധാനങ്ങൾ സഹകരണ വകുപ്പിന് കീഴിലാണോ; ഈ സംഘങ്ങളിൽ നിലവിലുള്ള സഹകരണ നിയമപ്രകാരമാണോ തെരഞ്ഞെടുപ്പ് നടത്തുന്നത് ; വിശദീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) വ്യവസായ സഹകരണസംഘങ്ങളുടെ തെരഞ്ഞെടുപ്പ് സംവിധാനങ്ങൾ വ്യവസായവകുപ്പിന്റെ കീഴിലാണ്. വിവിധ വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സംഘങ്ങളുടേയും തെരഞ്ഞെടുപ്പുകൾ സഹകരണസംഘം നിയമത്തിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരമാണ് നടത്തുന്നത്.

സഹകരണ ഇലക്ഷൻ കമ്മീഷൻ

150 (375) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണവകുപ്പ് ആരംഭിക്കാൻ തീരുമാനിച്ച സഹകരണ ഇലക്ഷൻ കമ്മീഷൻ, റിക്രൂട്ട്മെന്റ് ബോർഡ് തുടങ്ങിയവ രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ;

(സി) ഈ സ്ഥാപനങ്ങൾ എപ്പോൾ മുതൽ പ്രവർത്തനം ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സഹകരണ ഇലക്ഷൻ കമ്മീഷനെ നിയമിക്കുവാൻ തീരുമാനം ആയിട്ടുണ്ട്. കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡ് രൂപീകരിച്ചു. ബോർഡ് നിലവിൽ വന്നിട്ടുണ്ട്.

(ബി&സി) സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിബന്ധനകൾക്കും വ്യവസ്ഥകൾക്കുമുള്ള ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്. കോ-ഓപ്പറേറ്റീവ് സർവ്വീസസ് എക്സാമിനേഷൻ ബോർഡ് 25-1-2001-ൽ നിലവിൽ വന്നു. ഡോക്ടർ എൻ. രാജൻ നായർ ചെയർമാൻ, ശ്രീമതി കെ. എം. കല്യാണി മെമ്പർ, ശ്രീ. കെ. രാധാകൃഷ്ണൻ മെമ്പർ, സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി സഹകരണ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

പിരിച്ചുവിട്ട സഹകരണ സംഘങ്ങളുടെ ഡയറക്ടർ ബോർഡ്

151 (376) ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര സഹകരണ സംഘങ്ങളുടെ ഡയറക്ടർ ബോർഡ് പിരിച്ചുവിട്ടിട്ടുണ്ട് ;

(ബി) ഈ കാലഘട്ടത്തിൽ ഗവൺമെന്റ് പിരിച്ചുവിട്ട എത്ര സഹകരണ സംഘങ്ങളുടെ ഡയറക്ടർ ബോർഡിന്റെ പിരിച്ചുവിടൽ ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട് ;

(സി) ഇപ്രകാരം സ്റ്റേ ചെയ്തശേഷം ഹൈക്കോടതിയുടെ അന്തിമവിധിയുടെ അടിസ്ഥാനത്തിൽ എത്ര ഡയറക്ടർ ബോർഡുകളുടെ പിരിച്ചുവിടൽ റദ്ദാക്കിയിട്ടുണ്ട് ;

(ഡി) ഇപ്രകാരം റദ്ദാക്കിയ സംഭവങ്ങളിൽ ഹൈക്കോടതി ഗവൺമെന്റിന്റെ പിരിച്ചുവിടൽ തീരുമാനത്തെ വിമർശിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര വിധികളിൽ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 103 സഹകരണ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡ് പിരിച്ചുവിട്ടിട്ടുണ്ട്.

(ബി) ഈ കാലഘട്ടത്തിൽ 32 സഹകരണ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡ് പിരിച്ചുവിടൽ ഹൈക്കോടതി ഉത്തരവ് മുഖേന സ്റ്റേ ചെയ്തിട്ടുണ്ട്.

(സി) ഇപ്രകാരം സ്റ്റേ ചെയ്തശേഷം ഹൈക്കോടതിയുടെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ 20 ഡയറക്ടർ ബോർഡുകളുടെ പിരിച്ചുവിടൽ റദ്ദാക്കിയിട്ടുണ്ട്.

(ഡി) വകുപ്പുതല നടപടിയെ ഹൈക്കോടതി ഒരു വിധിയിൽ വിമർശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly